# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

04.03.2020-ൽ മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ 813

## ക്ഷീരകർഷക പെൻഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.സി.ജോസഫ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിൽ എത്ര ക്ഷീരകർഷകർക്ക് പെൻഷൻ നൽകുന്നുണ്ടെന്ന് അറിയിക്കാമോ; | (എ) ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ നിലവിൽ 83,736 പേരുടെ പെൻഷൻ അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 71,169 പേർ ജീവിച്ചിരിപ്പുണ്ട്. ആയതിൽ ഗവൺമെന്റ് അംഗീകാരം ലഭ്യമായിട്ടുള്ള 62,122 പേരിൽ പലവിധ കാരണങ്ങളാൽ തടസ്സങ്ങൾ നേരിട്ടിട്ടുള്ള 3870 പേർ ഒഴികെ ബാക്കിയുള്ള 58,252 പേർക്ക് പെൻഷൻ നൽകി വരുന്നുണ്ട്. |
| (ബി) ഒരു കർഷകന് എത്ര രൂപയാണ് പെൻഷൻ നൽകുന്നതെന്നും സർക്കാർ പ്രഖ്യാപിച്ചതുപോലെ രണ്ടായിരം രൂപാ വീതം പെൻഷൻ നൽകി തുടങ്ങിയോ എന്നും വെളിപ്പെടുത്തുമോ; | (ബി) ക്ഷീരകർഷകന് പ്രതിമാസം 1,200/-രൂപ നിരക്കിൽ പെൻഷൻ നൽകിവരുന്നു. 2,000/- രൂപാ വീതം പെൻഷൻ ഇതുവരെ നൽകി തുടങ്ങിയിട്ടില്ല. |
| (സി) പെൻഷൻ നൽകാൻ ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നുമാണോ പണം നൽകുന്നതെന്നും ഇതിന് പുറമെ സംസ്ഥാന സർക്കാരിൽ നിന്നും പെൻഷനു വേണ്ടി തുക അനുവദിച്ചിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ; | (സി) ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നും പെൻഷൻ ഇനത്തിൽ നൽകി വരുന്ന 1.200/- രൂപയിൽ സംസ്ഥാന സർക്കാർ വിഹിതം 900/- രൂപയും ക്ഷേമനിധി വിഹിതം 300/- രൂപയുമാണ്. |
| (ഡി) പെൻഷന് അർഹത നേടാനുള്ള യോഗ്യത എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (ഡി) ക്ഷേമനിധിയിൽ അംഗമായ ശേഷം 5 വർഷമെങ്കിലും കുറഞ്ഞത് 500/- ലിറ്റർ പാൽ പ്രതി വർഷം സംഘത്തിൽ അളക്കുകയും അറുപത് വയസ്സ് പൂർത്തിയാക്കുകയും ചെയ്താൽ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ